**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2065** **09-12-2022 - ൽ മറുപടിയ്ക്ക്**

**ടിപ്പർ ലോറികൾക്കുള്ള യാത്രാനിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ-കോളേജ് പ്രവൃത്തി സമയങ്ങളിൽ ടിപ്പർ ലോറികൾക്ക് യാത്രാനിരോധനം ഏർപ്പെടുത്തികൊണ്ടുള്ള ഗതാഗത വകുപ്പിന്റെ ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂൾ-കോളേജ് പ്രവർത്തി സമയം വിവിധ സ്ഥലങ്ങളിൽ വ്യത്യസ്തമായിരിക്കുന്നത് കണക്കിലെടുത്ത്, ടിപ്പർ ലോറികളുടേയും/ ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടേയും ഗതാഗത സമയം നിശ്ചയിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 05.06.2018-ലെ ജി.ഒ.(ആർടി.)നം.256/2018/ഗതാ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ ടിപ്പർ ലോറികളുടെ സഞ്ചാരത്തിന് ഇത്തരത്തിൽ ഏർപ്പെടുത്തിയ സമയക്രമം ലംഘിക്കുന്ന ടിപ്പർ ലോറികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ടിപ്പർ ലോറികൾക്ക് ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള യാത്രാനിരോധനം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ നിന്നും ലഭിച്ച പരാതികളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ടിപ്പർ ലോറികൾ ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള യാത്രാനിരോധനം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ഉചിതമായ നടപടി സമയബന്ധിതമായി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ